കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിട നിർമ്മാണത്തിനായി ഭൂമി

239 (1296) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിട നിർമ്മാണത്തിനായി കല്ലട ഇറിഗേഷൻ വക ഭൂമി കൈമാറി കിട്ടുന്നതിലെ റവന്യൂ വകുപ്പുതല നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഭൂമി കൈമാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിനായി ശിപാർശ ചെയ്തിരുന്ന കല്ലട ഇറിഗേഷൻ വക ഭൂമി 22-12-2000-ലെ സ.ഉ.(എംഎസ്.) നമ്പർ 387/റവന്യൂ/ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ ഭൂമിയാക്കി മാറ്റുകയും ആയത് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ 30-10-2014-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

സർവ്വേ വകുപ്പിന്റെ കയ്യിലുള്ള പുറമ്പോക്ക് ഭൂമിയുടെ രേഖകൾ

240 (1297) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിന്റെ കൈയ്യിലുള്ള പുറമ്പോക്ക് ഭൂമിയുടെ രേഖകൾ പൊടിഞ്ഞുപോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം രേഖകൾ സൂക്ഷിക്കുന്നതിന് സർക്കാർ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇത്തരത്തിൽ എത്രരേഖകൾ സർവ്വേ വകുപ്പിൽ നിന്ന് പൊടിഞ്ഞു പോയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് ഏതെല്ലാമാണെന്നും എപ്പോഴൊക്കെയാണ് ഇത് പൊടിഞ്ഞു പോയതെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly